# മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ജനങ്ങൾക്കുണ്ടാകുന്ന മാരകമായ രോഗങ്ങൾക്ക് ചികിത്സാധനസഹായം നൽകുക, അപകട മരണങ്ങൾക്ക് ഇരയാകുന്നവരുടെ ആശ്രിതർക്ക് അടിയന്തിര ധനസഹായം നൽകുക, തൊഴിൽ കുഴപ്പം ഉണ്ടാകുമ്പോൾ ദുരിതത്തിലാകുന്ന തൊഴിലാളികൾക്ക് സൗജന്യ റേഷൻ അനുവദിച്ച് സഹായിക്കുക, തീപിടുത്തം, ഇടിമിന്നൽ, കടൽക്ഷോഭം എന്നിവ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ചെറിയ തോതിൽ ധനസഹായം നൽകുക എന്നിങ്ങനെ അവശത അനുഭവിക്കുന്നവർക്ക് ആശ്വാസം പകരുന്നതിന് കേരള സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി.

## ഫണ്ട് സമാഹരണം

വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നുമുള്ള സംഭാവന വഴിയാണ് ഇതിലേക്ക് ഫണ്ട് സ്വരൂപിക്കുന്നത്. കേരളത്തിലെ സർക്കാർ ജീവനക്കാർ, അർദ്ധസർക്കാർ ജീവനക്കാർ, ബാങ്ക് - ഇൻഷ്വറൻസ് മേഖലകളിലെ ജീവനക്കാർ, വിദേശ മലയാളികൾ, വിവിധ സർവീസ് സംഘടനകൾ, വ്യവസായികൾ, കലാ-സാഹിത്യ രംഗത്തുള്ളവർ തുടങ്ങി സമസ്ത മേഖലകളിലുള്ളവർക്കും ഇതിലേക്ക് സംഭാവനകൾ നൽകാവുന്നതാണ്. ധനകാര്യ (ഫണ്ട്സ്) വകുപ്പ് സെക്രട്ടറിയുടെ പേരിൽ സംഭാവനകൾ ചെക്കായോ, ഡ്രാഫ്റ്റായോ നൽകാവുന്നതാണ്.

**" സംഭാവനകൾ കളക്ട്രേറ്റ്, താലൂക്കാഫീസ് എന്നിവിടങ്ങളിലും സ്വീകരിക്കുന്നതാണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്കുള്ള സംഭാവനകൾക്ക് 1961-ലെ ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 80 ജി (2) (III എച്ച്.എഫ്) പ്രകാരം ഇൻകം ടാക്സിൽ 100% ഇളവിന് അർഹതയുണ്ട് ".**

## സംഭാവനകൾ അയയ്ക്കേണ്ട മേൽ വിലാസം

പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം),
ട്രഷറർ , മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി,
സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - ധനസഹായം ലഭിക്കുന്നതിനുള്ള അർഹത, അപേക്ഷ സമർപ്പിക്കേണ്ട രീതി, മറ്റു വിശദവിവരങ്ങൾ

### 1. അപേക്ഷയുടെ മാതൃക:

1) അപേക്ഷകന്റെ പേരും മേൽ വിലാസവും :
2) അത്യാഹിതം/അസുഖത്തിനിരയായ വ്യക്തിയും അപേക്ഷകനും തമ്മിലുള്ള ബന്ധം :
3) അത്യാഹിതം/അസുഖം സംഭവിച്ച ആൾ പ്രായ പൂർത്തിയായ ആളാണോ :
4) അപേക്ഷകന്റെ വയസും തൊഴിലും :
5) അത്യാഹിതത്തിന്റെ/അസുഖത്തിന്റെ സ്വഭാവം :
6) കുടുംബ വാർഷിക വരുമാനം :
7) ഇതേ ആവശ്യത്തിന് മുമ്പ് ഏതെങ്കിലും നഷ്ട പരിഹാരം/സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ വിശദവിവരം :

സാക്ഷ്യപത്രം

മേൽ പ്രസ്താവിച്ചിട്ടുള്ള വസ്തുതകൾ സത്യമാണ്. മേൽ ആവശ്യത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ഞാൻ സഹായധനമൊന്നും കൈപ്പറ്റിയിട്ടില്ലെന്ന് സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം:

അപേക്ഷകന്റെ ഒപ്പും പേരും

തീയതി :

### 2. അപേക്ഷ സമർപ്പിക്കേണ്ട വിധം:

ദുരിതാശ്വാസ നിധിയിലേക്ക് സമർപ്പിക്കേണ്ട അപേക്ഷ (അപേക്ഷയുടെ മാതൃക ചുവടെ ചേർക്കുന്നു) വെള്ള കടലാസിൽ തയ്യാറാക്കി ആറുമാസ ത്തിൽ കവിയാത്ത മെഡിക്കൽ സർട്ടിഫിക്കറ്റ് (അപകട മരണം നടന്ന കേസുകളിൽ മരണ സർട്ടിഫിക്കറ്റ്, എഫ്.ഐ.ആർ, പോസ്റ്റ്മോർട്ടം സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പുകൾ) ഉള്ളടക്കം ചെയ്ത് സ്ഥലം വില്ലേജ് ഓഫീസ്/താലൂക്ക് ഓഫീസ്/കളക്ട്രേറ്റ് എന്നിവിടങ്ങളിൽ സമർപ്പിക്കാവുന്നതാണ്. അപേക്ഷ വില്ലേജ് ഓഫീസിൽ സമർപ്പിക്കുന്നതാണ് ഉചിതം.

### 3. ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡം:

1) ചികിത്സാ സഹായം, അപകട മരണം എന്നിവയ്ക്കാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വായനിധിയിൽ നിന്ന് ധനസഹായം അനുവദിക്കുന്നത്.

2) അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 100,000/-(ഒരുലക്ഷം രൂപ മാത്രം) രൂപയിൽ താഴെയായിരിക്കണം.

3) ഒരു വ്യക്തിക്ക് ഒരു തവണ മാത്രമേ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം ലഭിക്കുകയുള്ളൂ.

4) ക്യാൻസർ, കിഡ്നി തുടങ്ങിയ ഗുരുതര രോഗങ്ങൾക്ക് പ്രത്യേക സാഹചര്യം പരിഗണിച്ച് ധനസഹായം ലഭിച്ച് രണ്ട് വർഷത്തിനുശേഷം വീണ്ടും ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്.

**4. ധനസഹായം വിതരണം ചെയ്യുന്ന രീതി :**

1) 2000 (രണ്ടായിരം) രൂപ വരെയുള്ള ധനസഹായം ജില്ലാകളക്ടറും അതിനു മുകളിലുള്ള ധനസഹായം സർക്കാരും അനുവദിച്ച് ഉത്തരവിറക്കുന്നു.

2) ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട താലൂക്ക് തഹസിൽദാർമാർ ഗുണഭോക്താവിന് നോട്ടീസ് നൽകി സംഖ്യ ക്യാഷ് ചെക്കായി വിതരണം ചെയ്യുന്നു.

3) പ്രസ്തുത നോട്ടീസ് ലഭ്യമാകുമ്പോൾ ഗുണഭോക്താവ് റേഷൻ കാർഡ്, തിരിച്ചറിയൽ കാർഡ് (ഇവയുടെ അഭാവത്തിൽ മാത്രം വില്ലേജ് ഓഫീസറുടെ തിരിച്ചറിയൽ സർട്ടിഫിക്കറ്റ്) എന്നിവ സഹിതം ഹാജരാകേണ്ടതും ബന്ധപ്പെട്ട താലൂക്ക് ഓഫീസിൽ നിന്നും ചെക്ക് കൈപ്പറ്റേണ്ടതുമാണ്.

4) ധനസഹായം അനുവദിക്കപ്പെട്ട വ്യക്തി മരണപ്പെട്ടുവെങ്കിൽ ഭാര്യക്ക് അനുവദിച്ച തുക ഭർത്താവിനും ഭർത്താവിന് അനുവദിച്ച തുക ഭാര്യക്കും കൈപ്പറ്റാവുന്നതാണ്. മറ്റു സാഹചര്യങ്ങളിൽ തഹസിൽദാർമാർക്ക് ഉചിതമായ തീരുമാനങ്ങൾ എടുക്കാവുന്നതാണ്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുമായി ബന്ധപ്പെട്ട പരാതികൾ താഴെ കാണുന്ന വിലാസത്തിൽ സമർപ്പിക്കാവുന്നതാണ്.

പ്രിൻസിപ്പൽ സെക്രട്ടറി,
റവന്യൂ (ഡി.ആർ.എഫ്-എ) വകുപ്പ്,
സെക്രട്ടേറിയറ്റ്.
ഫോൺ: 0471 - 2518513
0471 - 2518487

# മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി
# ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷാ ഫാറം

1) അപേക്ഷകന്റെ പേരും മേൽ വിലാസവും :

2) അത്യാഹിതം/അസുഖത്തിനിരയായ വ്യക്തിയും
അപേക്ഷകനും തമ്മിലുള്ള ബന്ധം :

3) അത്യാഹിതം/അസുഖം സംഭവിച്ച ആൾ പ്രായ
പൂർത്തിയായ ആളാണോ :

4) അപേക്ഷകന്റെ വയസും തൊഴിലും :

5) അത്യാഹിതത്തിന്റെ/അസുഖത്തിന്റെ സ്വഭാവം :

6) കുടുംബ വാർഷിക വരുമാനം :

7) ഇതേ ആവശ്യത്തിന് മുമ്പ് ഏതെങ്കിലും നഷ്ട
പരിഹാരം/സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ടോ
ഉണ്ടെങ്കിൽ വിശദവിവരം :

## സാക്ഷ്യപത്രം

മേൽ പ്രസ്താവിച്ചിട്ടുള്ള വസ്തുതകൾ സത്യമാണ്. മേൽ ആവശ്യത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ഞാൻ സഹായധനമൊന്നും കൈപ്പറ്റിയിട്ടില്ലെന്ന് സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം:

തീയതി :

അപേക്ഷകന്റെ ഒപ്പും പേരും

കേരള സർക്കാർ

നം. 41482/ ഡിആർഎഫ്-എ2/12/റവ

റവന്യൂ (ഡിആർഎഫ്-എ) വകുപ്പ്,
തിരുവനന്തപുരം, തീയതി: 7.8.2012

## സർക്കുലർ

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായത്തിനുള്ള അപേക്ഷകളിൽ അടുത്ത കാലത്തായി അഭൂതപൂർവ്വമായ വർദ്ധന ഉണ്ടായിട്ടുണ്ട്. അതോടൊപ്പം തന്നെ അപേക്ഷകളിലെ ക്രമക്കേടുകളും ഗണ്യമായ തോതിൽ വർദ്ധിച്ചിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്ന കാര്യത്തിൽ ഉണ്ടാവാനിടയുള്ള ക്രമക്കേടുകൾ ഒഴിവാക്കുന്നതിനായും അർഹതപ്പെട്ടവർക്ക് കാലതാമസം കൂടാതെ ധനസഹായം ലഭ്യമാക്കുന്നതിനും വേണ്ടി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) രോഗവിവരം സംബന്ധിച്ച് കൃത്യവും വ്യക്തവുമായ രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

2) ചികിത്സാ സഹായത്തിനുള്ള അപേക്ഷയോടൊപ്പം കൃത്യവും യഥാർത്ഥവുമായ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

3) രോഗവിവരം വ്യക്തമായി പ്രതിപാദിക്കുന്ന അംഗീകൃത ഫോർമാറ്റിൽ തന്നെയുള്ള 6 മാസ കാലാവധിക്കകത്തുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

4) 2000/- രൂപ വരെ ധനസഹായത്തിന് അർഹരായവരുടെ അപേക്ഷകൾ സർക്കാരിലേയ്ക്ക് അയക്കേണ്ട ആവശ്യമില്ല, ആയത് ബന്ധപ്പെട്ട കളക്ടറേറ്റുകളിൽ തന്നെ തീർപ്പാക്കേണ്ടതാണ്.

5) സാധാരണ രോഗങ്ങൾക്ക് (ജലദോഷം, പനി, തലവേദന, വിമ്മിട്ടം, ശ്വാസം മുട്ട്, ആസ്മ, സന്ധി വേദന, ഷുഗർ, രക്ത സമ്മർദ്ദം തുടങ്ങിയവ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം ശുപാർശ ചെയ്യാതിരിക്കാനും അനുവദിക്കാതിരിക്കാനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

6) ഒരു അപേക്ഷകന് ഒരേ രോഗചികിത്സയ്ക്കായി തന്നെ പല തവണ ധനസഹായം അനുവദിക്കുന്ന പ്രവണതയും ഒഴിവാക്കേണ്ടതാണ്. എന്നാൽ ഗുരുതരമായ രോഗങ്ങൾക്ക് ഒരിക്കൽ ധനസഹായം അനുവദിച്ചു കഴിഞ്ഞ ശേഷം രണ്ടു വർഷം കഴിഞ്ഞ് വീണ്ടും അപേക്ഷിക്കാവുന്നതാണ്. എന്നാൽ തികച്ചും അർഹമെന്നു തോന്നുന്ന കേസുകളിൽ ഉചിതമായ തീരുമാനമെടുക്കുന്നതിന് സർക്കാരിന് അധികാരമുണ്ടായിരിക്കുന്നതാണ്.

7) അപകടങ്ങളിൽ മരണമടയുന്നവരെ പൂർണ്ണമായും ആശ്രയിച്ചു കഴിയുന്ന കുടുംബം നിരാലംബമാക്കപ്പെടുന്ന അവസ്ഥയിൽ, ഈ കുടുംബത്തിനുള്ള സമാശ്വാസമെന്ന നിലയിലാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നത്. ഇത് ഒരിക്കലും ഒരു നഷ്ടപരിഹാര തുകയല്ല. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അപകട മരണങ്ങൾക്കുള്ള ധനസഹായം ഒരു നഷ്ടപരിഹാരം എന്ന രീതിയിൽ അവകാശപ്പെടുന്നതും അധിക തുക അവകാശപ്പെടുന്നതും നിരുത്സാഹപ്പെടുത്തേണ്ടതാണ്.

8) സാമ്പത്തിക സഹായം അർഹമായ കേസുകളിൽ ജില്ലാ കളക്ടറുടെ വ്യക്തമായ ശുപാർശയുടെ അടിസ്ഥാനത്തിൽ മാത്രമേ ധനസഹായം അനുവദിക്കുകയുള്ളൂ. ഇതിനുള്ള വാർഷിക വരുമാന പരിധി 1 ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. മരണപ്പെട്ട ആളിന്റെ നിയമാനുസൃത അവകാശികൾ ആശ്രിതർ എന്നിവർക്ക് ധനസഹായം അനുവദിക്കേണ്ടതാണ്. എന്നാൽ വിവാഹിതരും കുട്ടികളുമുള്ള വരുടേയും കാര്യത്തിൽ അപേക്ഷകർ ആരായിരുന്നാലും ഇവർക്ക് കൂടി അർഹമായ ധനസഹായം ലഭിക്കുന്നുണ്ട് എന്ന കാര്യം ജില്ലാ കളക്ടർമാർ ഉറപ്പു വരുത്തേണ്ടതാണ്.

9) അപൂർണ്ണവും അനർഹവുമായ അപേക്ഷകൾ ജില്ലാ കളക്ടർമാർ തന്നെ നിരസിക്കേണ്ടതാണ്. ഒരു കാരണവശാലും ഇത്തരം അപേക്ഷകൾ ശുപാർശ ചെയ്ത് സർക്കാരിലേയ്ക്ക് അയയ്ക്കാൻ പാടുള്ളതല്ല.

10) അപകട മരണങ്ങൾക്ക് ധനസഹായം അനുവദിക്കുന്ന കാര്യത്തിൽ വിവേചനാധികാരം ഉപയോഗിക്കുന്നതിനും, ഉചിതമായ തീരുമാനമെടുക്കുന്ന തിനുമുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമായിരിക്കും.

11) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഈ വകുപ്പിൽ നിന്നും ഇതുവരെ പുറപ്പെടുവിച്ചിട്ടുള്ള എല്ലാ മാർഗ്ഗ നിർദ്ദേശങ്ങളും പാലിക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

കെ. ബി. വത്സല കുമാരി,
പ്രിൻസിപ്പൽ സെക്രട്ടറി

എല്ലാ ജില്ലാ കളക്ടർമാർക്കും
ധനകാര്യ (ഫണ്ട്സ്) വകുപ്പ്.
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്,
എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

നം.53246/ഡിആർഎഫ്-എ2/12/റവ

റവന്യൂ (ഡിആർഎഫ്-എ) വകുപ്പ്
തിരുവനന്തപുരം,
തീയതി, 17.10.2012.

**സർക്കുലർ**

വിഷയം: മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - ധനസഹായം നൽകുന്നത് - സംബന്ധിച്ച്

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ജനങ്ങൾക്കുണ്ടാകുന്ന മാരകമായ രോഗങ്ങൾക്ക് ചികിത്സാ സഹായം നൽകുക, അപകടമരണങ്ങൾക്ക് ഇരയാകുന്നവരുടെ ആശ്രിതർക്ക് അടിയന്തിര ധനസഹായം നൽകുക എന്നിങ്ങനെയുള്ള ഉദ്ദേശത്തോടുകൂടിയാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുള്ളത്. എന്നാൽ അപകട മരണം സംഭവിച്ച് വർഷങ്ങൾക്ക് ശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതിനു വേണ്ടി ജില്ലാ കളക്ടർമാർ ശുപാർശ ചെയ്ത അപേക്ഷകൾ സർക്കാരിന് ധാരാളമായി ലഭിച്ചു കൊണ്ടിരിക്കുന്നു.

അപകടമരണങ്ങൾക്ക് ഇരയാകുന്നവരുടെ ആശ്രിതർക്ക് താൽക്കാലിക ആശ്വാസം എന്ന നിലയിലാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നത്. എന്നാൽ അപകട മരണം സംഭവിച്ച് വർഷങ്ങൾക്ക് ശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതിനു വേണ്ടിയുള്ള അപേക്ഷകൾ സ്വീകരിച്ച് മേൽ നടപടി സ്വീകരിക്കുന്നത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ദുരുപയോഗം ചെയ്യുന്നതിന് ഇടയാക്കുന്നു. മാത്രമല്ല ഇതൊരു കീഴ്‌വഴക്കമായി മാറാനും സാദ്ധ്യതയുണ്ട്.

മേൽ സാഹചര്യത്തിൽ, അപകടമരണങ്ങൾക്ക് ഇരയാകുന്നവരുടെ ആശ്രിതർ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായത്തിനായി ഒരു വർഷത്തിനുള്ളിൽ സമർപ്പിക്കുന്ന അപേക്ഷ മാത്രം പരിഗണിച്ചാൽ മതിയെന്ന നിർദ്ദേശം എല്ലാ ജില്ലാ കളക്ടർമാർക്കും നൽകുന്നു.

കെ.ബി.വത്സലകുമാരി
പ്രിൻസിപ്പൽ സെക്രട്ടറി

എല്ലാ ജില്ലാ കളക്ടർമാർക്കും
ലാന്റ് റവന്യൂ കമീഷണർ, തിരുവനന്തപുരം
ധനകാര്യ (ഫണ്ട്സ് ) വകുപ്പ്
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്,
റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്
റവന്യൂ (ഡി.ആർ.എഫ് ബി) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ